സുവിശേഷ ധ്വനി
സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന
വൈ.എം.ഇ.എഫ്. ദ്വൈവാരിക
മാർച്ച് 29
പുസ്തകം 37, ലക്കം 15

**ലോകത്തിന്റെ മാലിന്യം വിട്ടോടിയവർ അതിൽ വീണ്ടും കുടുങ്ങി തോറ്റുപോയാൽ...**

# മലയാളികളുടെ ആഭരണഭ്രമം

മനുഷ്യന് മണ്ണുമായി എന്നും ഒരു ആകർഷണവും പറ്റുമാനവുമുണ്ടാവും. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു മണ്ണുകൊണ്ടാണല്ലോ. എന്നാൽ ഭൂമിയോടു പറ്റി നിൽക്കുവാനുള്ള മനുഷ്യന്റെ മോഹങ്ങൾക്ക് അതിരു കൽപ്പിക്കുകയാണു ദൈവം ചെയ്യുന്നത്. ഈ ലോകത്തിന്റെ മോഹങ്ങൾക്ക് അവൻ അടിമപ്പെടുന്നു. മോഹത്താൽ വശീകരിക്കപ്പെട്ട് ദൈവമക്കളും ദൈവത്തിൽ നിന്ന് അകലുന്നു; ലോകത്തോടുള്ള പറ്റുമാനം കൂടുന്നു.

ആഭരണഭ്രമം വിശ്വാസികളുടെയിടയിൽ വർദ്ധിച്ചു വരുന്നതായി കാണുന്നു. എന്തുകൊണ്ടാണ് ലോകമനുഷ്യരെപ്പോലെ ആഭരണം അണിയുവാൻ വിശ്വാസികളും ആഗ്രഹിക്കുന്നത്? അംഗങ്ങളെ അലങ്കരിച്ച് എടുത്തു കാട്ടുകയാണ് അതിന്റെ ലക്ഷ്യം. അതിലൂടെ ലോകത്തിന്റെ ശ്രദ്ധ ആകർഷിക്കുകയും ലോകത്തെ വശീകരിക്കുകയും ചെയ്യുന്നു. അത് തീർത്തും ലൗകികമല്ലാതെ പിന്നെന്താണ്?

ലോകമനുഷ്യരെപ്പോലെയാകുവാൻ പിശാച് നമ്മെയും നമ്മുടെ സഹോദരിമാരെയും വഞ്ചിച്ചു കളയും. അതുമൂലം ലോകവും അതിന്റെ മോഹവും സഭയിലേക്കും കടക്കുന്നു. അതുവഴി ഭിന്നതയും ലൗകികതയും വളരുന്നു; പിശാച് ഇടം നേടുകയും ചെയ്യുന്നു.

എന്തെല്ലാം ന്യായങ്ങളാണ് ഇക്കാര്യത്തിൽ സാത്താൻ അവതരിപ്പിക്കുന്നത്? ആഭരണം വെടിയണമെന്ന് വേദത്തിലെവിടെയെങ്കിലും പറയുന്നുണ്ടോ? ഇക്കൂട്ടർ ദൈവം പറഞ്ഞതെല്ലാം അപ്പടി അനുസരിക്കുന്നവരാണത്രേ. കൊള്ളാം അങ്ങനെതന്നെ ആയിരിക്കട്ടെ. പറയുന്ന കാര്യങ്ങൾ എല്ലാം ആദ്യം അനുസരിക്കുക. 'പറയാത്തവ'യെക്കുറിച്ച് എന്തിനിത്ര ആവേശം. വാസ്തവമായി ദൈവം അങ്ങനെ കല്പിച്ചിട്ടുണ്ടോ എന്ന് ആവർത്തിച്ച് ആരായുന്നത് ആരാണെന്നു പറയേണ്ടതില്ലല്ലോ.

ദൈവാത്മാവ് നിരന്തരമായി ഉദ്യമിപ്പിച്ചതിന്റെ ഫലമായാണ് തീർത്തും ത്യാഗപൂർണ്ണമായ ആഭരണവർജ്ജനം എന്ന തീരുമാനം മുൻ തലമുറ സ്വീകരിച്ചത്. അന്ന് ആഭരണ വർജ്ജനത്തിന് ഉദ്യമിപ്പിച്ച പരിശുദ്ധാത്മാവ് ഇന്നു വീണ്ടും ധരിക്കുവാനായി ആവശ്യപ്പെടുമോ? സ്വയം ശരീരത്തെ അമിതമായി മോടിപിടിപ്പിക്കുവാനുള്ള മാനുഷിക ത്വരയുടെ പിന്നിലെ പൈശാചിക പ്രവർത്തനം ഇനിയും തിരിച്ചറിയാതെ പോകുകയോ...?

മറ്റു സംസ്ഥാനങ്ങളിൽ ഉപയോഗിക്കുന്നണ്ടല്ലോ എന്നതാണു മറ്റൊരു ന്യായം. ഇക്കാര്യങ്ങളിൽ വേർപാടു കാക്കുവാൻ കഴിയാതെപോയ ഇതര സംസ്ഥാനങ്ങളിലെ സഭകളുടെ ഇന്നത്തെ അവസ്ഥ ദയനീയമാണെന്നു അവിടുത്തുകാർ തന്നെ സാക്ഷ്യം പറയുന്നു. സി. എസ്. ഐ., മെഥഡിസ്റ്റ് പോലുള്ള സഭകളിലെ വിശ്വാസികളുമായി അവർ യഥേഷ്ടം വിവാഹ ബന്ധത്തിൽ ഏർപ്പെടുന്നു. കർണ്ണാടകത്തിൽ ചിലയിടങ്ങളിൽ കഴിഞ്ഞ തലമുറയ്ക്ക് ഇക്കാര്യത്തിൽ വന്ന പിഴവ് തിരുത്തുവാനായി കഠിന പ്രയത്നം ചെയ്തുകൊണ്ടിരിക്കുന്ന സഭാനേതൃത്വത്തെ ഇക്കാലത്ത് കാണുവാൻ കഴിഞ്ഞിട്ടുണ്ട്. അതിനിടയിലാണ് 'പ്രബുദ്ധരായ' മലയാളികളുടെ തിരിഞ്ഞു നടപ്പ്!

പേരിനുവേണ്ടിയല്ലേ ധരിക്കുന്നുള്ളു എന്നു ചിലർ അതിനെ ലഘൂകരിക്കുന്നതായി കേട്ടിട്ടുണ്ട്. ഈ തലമുറ ലഘുവായി ആഭരണം ധരിച്ചാൽ ഇവരുടെ മക്കൾ എത്രമാത്രം ധരിക്കും? തലമുറയോടുള്ള കൊടും ചതി എന്നല്ലാതെ എന്തു പറയാൻ... കപ്പൽ മോഷ്ടിക്കുന്നവനും കപ്പലണ്ടി കക്കുന്നവനും കള്ളൻ തന്നെയാണ്.

ഓഹരി മുതലായ നിക്ഷേപ മാധ്യമങ്ങളൊക്കെ മാന്ദ്യം നേരിടുമ്പോൾ സമ്പാദ്യം സ്വർണ്ണത്തിലേക്കു മാറ്റുന്നതല്ലേ ബുദ്ധി എന്നു ചിന്തിക്കുന്ന വിശ്വാസികളുണ്ട്. കണ്ണു കുരുടായിക്കഴിഞ്ഞാൽ വെളിച്ചം എവിടെ? കാതില്ലെങ്കിൽ പിന്നെ ശബ്ദമെവിടെ? ഈ ലോകത്തിൽ നിക്ഷേപം സ്വരൂപിക്കരുത് എന്നല്ലേ കർത്താവ് നമ്മോട് പറഞ്ഞിട്ടുള്ളത്. മണ്ണിനോടുള്ള പ്രതിപത്തി നിക്ഷേപങ്ങളൊക്കെ മണ്ണിൽ കുഴിച്ചിടുവാൻ അവനെ പ്രേരിപ്പിക്കുന്നു. ദൈവഹിതത്തിനെതിരെ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും മനുഷ്യൻ സ്വന്ത മോഹങ്ങളാൽ എന്നും വശീകരിക്കപ്പെട്ടുകൊണ്ടിരിക്കും.

ആഭരണവിരോധികൾ വിലകൂടിയ വസ്ത്രം ധരിക്കുന്നതെന്തിന് എന്നുള്ള ബാലിശമായ ചോദ്യവും കേട്ടിട്ടുണ്ട്. വസ്ത്രത്തിനും ആഭരണത്തിനും ഉപയോഗം ഒന്നല്ല എന്ന് ആർക്കാണറിഞ്ഞുകൂടാത്തത്. നാം ധരിക്കുന്ന 'വിലകുറഞ്ഞ' വസ്ത്രങ്ങൾ ലോകത്തിൽ മറ്റു ചിലർക്ക് വിലയേറിയവയാണെന്നും മറന്നു പോകരുത്. ഒരു യഥാർത്ഥ ക്രിസ്തു ശിഷ്യനെ ലളിതജീവിതം ഒരു പ്രത്യേക വിഷയമായി പഠിപ്പിക്കേണ്ട ആവശ്യമുണ്ടോ?

തലമുറകളായി ആഭരണം വെടിഞ്ഞിരുന്ന ബ്രദറുകാർ ഇനി വിണ്ടും ആഭരണം ധരിക്കുന്നതുകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടോ? നമ്മുടെ പെൺകുഞ്ഞുങ്ങളെ ആഭരണവും ചാർത്തി ഈ ലോകത്തിലേക്കു ഇറക്കിവിട്ടാലുള്ള അപകടം ഒന്ന് ഓർത്തുനോക്കുക. മുന്നോട്ട് വരുന്നവരെ ആഭരണം ഉപേക്ഷിക്കുവാനായി പ്രോത്സാഹിപ്പിക്കുന്നത് ഗുണമല്ലാതെ ഏതായാലും ദോഷമൊന്നും ചെയ്യുകയില്ല. നമ്മുടെ സഭകളിൽ യഥേഷ്ടം ആഭരണത്തിന് അനുവാദം നൽകിയാൽ അതുകൊണ്ട് എന്തെങ്കിലും ഗുണം ഉണ്ടെങ്കിൽ തന്നെ അതു ദോഷത്തിലേക്കു മാറാൻ അധികം നാൾ വേണ്ടിവരികയില്ല. അധികനാൾ കഴിയും മുമ്പേ സഭ ഏറെ മലീമസമാകും. വേർപാടിന്റെ അടിത്തറ ഇളകി സഭകൾ അയഞ്ഞുലഞ്ഞു ആടും.

ആഭരണവർജ്ജനം ദൈവം മലയാളി വിശ്വാസികൾക്കു തന്ന പ്രത്യേക കാഴ്ചപ്പാടും കൃപയും എന്നു കണ്ട് അതു സന്തോഷത്തോടെ തുടരുകയാണു വേണ്ടത്. അതു വിവിധരാജ്യങ്ങളിലെ വിശ്വാസികൾ ഈ നൂറ്റാണ്ടിൽ മാതൃകയായി സ്വീകരിച്ചുകൂടെന്നില്ല. അങ്ങനെ വന്നാൽ നമ്മുടെ സന്തോഷം നൂറിരട്ടിയാകും. നമ്മുടെ ഈ മാതൃക കർണ്ണാടക, തമിഴ്, ആന്ധ്ര വിശ്വാസികൾ ചിലയിടങ്ങളിൽ ഇപ്പോൾ തന്നെ സ്വീകരിച്ചു തുടങ്ങിയിരിക്കുന്നു.

പ്രിയരെ, ഈ വിഷയം വിവാദമാക്കി പേരെടുക്കുവാനോ ദൈവജനത്തെ വലച്ചു കളയുവാനോ ആരും മുതിരരുത്. അത് അവനും കുടുംബത്തിനും കെണിയായിത്തീർന്നു എന്നു ഗിദയോനെക്കുറിച്ചു പറഞ്ഞതുപോലെ നമ്മിൽ ആരെക്കുറിച്ചും പറയാതിരിക്കുവാൻ നാം അധികം കരുതിക്കൊള്ളേണ്ടതാകുന്നു. വിശുദ്ധ പത്രോസ് ശ്ലീഹാ തന്റെ രണ്ടാം ലേഖനം രണ്ടാം അധ്യായം ഇരുപതു മുതലുള്ള വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നതുപോലെ നമുക്കാർക്കും സംഭവിക്കാതിരിക്കാൻ ശ്രദ്ധയോടെ ജാഗരിക്കാം. വലിയവനായ കർത്താവ് നമ്മെ ഏറിയ കൃപയാൽ ഇനിയും അനുഗ്രഹിക്കട്ടെ.

*ചീഫ് എഡിറ്റർ*